പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4005 25.06.2014- ൽ മറുപടിക്ക്

ഫോർമലിൻ പ്രയോഗിച്ച മത്സ്യങ്ങൾ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഉമ്മർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മത്സ്യത്തിൽ ഫോർമാലിൻ അനിയന്ത്രിതമായ തോതിൽ ഉപയോഗിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | ബി) | അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മത്സ്യത്തിൽ മായം തടയുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്,ഗോവ എന്നീ സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതനുസരിച്ച് മറ്റു സംസ്ഥാനങ്ങളുമായുള്ള യോജിച്ച പ്രവർത്തനവും ആലോചിച്ചുവരുന്നു. സംസ്ഥാനവ്യാപകമായി നടത്തുന്ന പരിശോധനകൾ, നിരന്തര നിരീക്ഷണത്തിന് വിധേയമാക്കിയിട്ടുള്ളതാണ്. |
| സി) | ഇത്തരം മത്സ്യങ്ങൾ ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകാവുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ? | സി) | ഭക്ഷ്യസുരക്ഷാ വകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ, കേന്ദ്രസർക്കാർ ഏജൻസിയായ CIFT, Kochi-യും, കേരള കാർഷിക സർവ്വകലാശാലയും പഠനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ